**Order No. 453/2025**

# മരിയാപുരം ഫാത്തിമ മാതാ ഫൊറോന പുനഃക്രമീകരണം

കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ
മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ

മരിയാപുരം ഫാത്തിമ മാതാ ഫൊറോന പള്ളി വികാരിയച്ചനും ഫൊറോനയിലെ
വൈദികർക്കും സമർപ്പിതർക്കും ദൈവജനത്തിനും ആശീർവ്വാദം.

1986 ൽ കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ഇടവകകൾ ഉൾപ്പെടുത്തി താമരശ്ശേരി രൂപത സ്ഥാപിതമായപ്പോൾ മലപ്പുറം ജില്ലയിലെ ഇടവകകളെല്ലാം മരിയാപുരം ഫാത്തിമ മാതാ ഫൊറോനയുടെ കീഴിലായിരുന്നു. അജപാലനപ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പും ദൈവജനത്തിന്റെ പ്രായോഗിക സൗകര്യങ്ങളും കണക്കിലെടുത്ത് 2004 ൽ കരുവാരക്കുണ്ട് ഹോളി ഫാമിലി ഫൊറോനയും 2012 ൽ മലപ്പുറം സെന്റ് തോമസ് ഫൊറോനയും സ്ഥാപിതമായി. പുതിയ ഫൊറോനകളുടെ രൂപീകരണത്തിനുശേഷം മരിയാപുരം ഫൊറോനയുടെ കീഴിലുണ്ടായിരുന്ന എല്ലാ ഇടവകകളെയും ഉൾപ്പെടുത്തി പെരിന്തൽമണ്ണ ഫൊറോന 2012 ൽ സ്ഥാപിതമാവുകയും മരിയാപുരത്തിനു കീഴിൽ ഇടവകകൾ ഇല്ലാതെ തന്നെ ഇടവകയ്ക്ക് ഫൊറോന സ്ഥാനം നിലനിറുത്തുകയും മരിയാപുരം ഇടവകയിലെ ദൈവജനത്തിന് ഫൊറോനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അനുവദിക്കാൻ മരിയാപുരം വികാരിക്കു ഫൊറോന വികാരിസ്ഥാനം നല്കുകയും ചെയ്തു. മരിയാപുരം ഇടവകയുടെ നേതൃസ്ഥാനം അംഗീകരിച്ചുകൊണ്ടും മലപ്പുറം ജില്ലയിലെ അജപാലനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടിയും 2013 ൽ മരിയാപുരം ഫൊറോന വികാരിയ്ക്ക് എപ്പിസ്കോപ്പൽ വികാരി എന്ന പദവി നല്കുകയും ചെയ്തു.

രൂപതയുടെ റൂബി ജൂബിലിവർഷത്തിൽ, അജപാലനസംവിധാനങ്ങളെ നവീകരിച്ച് ശ്കതിപ്പെടുത്തുന്നതിന്റെ ഭാഗമായി 2025 ഒക്ടോബർ 15 ന് ചേർന്ന വൈദികസമിതിയിൽ ചർച്ച ചെയ്തു തീരുമാനമെടുത്തതിന്റെ പശ്ചാത്തലത്തിൽ, നിലവിൽ പെരിന്തൽമണ്ണ ഫൊറോനയുടെ കീഴിലുള്ള മാലാപറമ്പ്, ചീരട്ടാമല, പാലൂർകോട്ട, കുറ്റിപ്പുറം, മങ്കട, വലമ്പൂർ എന്നീ ഇടവകകളെ ഉൾപ്പെടുത്തി 2026 ജനുവരി ഒന്നാം തിയ്യതി ദൈവമാതൃത്വതിരുനാൾ ദിനത്തിൽ പ്രാബല്യത്തിൽ വരുന്നവിധത്തിൽ മരിയാപുരം ഫാത്തിമ മാതാ ഫൊറോന പുനഃക്രമീകരിക്കുന്നു. ഇതോടെ, മരിയാപുരം ഇടവക വികാരിയ്ക്ക് നല്കിയിരുന്ന എപ്പിസ്ക്കോപ്പൽ വികാരി പദവി പിൻവലിക്കുന്നു.

പൗരസ്ത്യകാനൻ നിയമസംഹിതയും സീറോമലബാർസഭയുടെ പ്രത്യേക നിയമങ്ങളും, രൂപതാനിയമാവലിയും അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും ചുമതലകളും ഫൊറോന പള്ളിയ്ക്കും ഫൊറോന വികാരിയ്ക്കും ഉണ്ടായിരിക്കുന്നതാണ്.

ഈ കല്പനയ്ക്ക് വിരുദ്ധമായതൊന്നും നിലനില്ക്കുന്നതല്ല.

2025 ഡിസംബർ 27-ാം തിയ്യതി വി. യോഹന്നാൻ സുവിശേഷകന്റെ തിരുനാൾ ദിവസം താമരശ്ശേരി രൂപതാകാര്യാലയത്തിൽനിന്ന് നല്കപ്പെട്ടത്.

REMIGIOSE INCHANANIYIL · BISHOP OF THAMARASSERY

✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്
ചാൻസലർ

---

*കോപ്പികൾ:* പെരിന്തൽമണ്ണ ഫൊറോന, മാലാപറമ്പ്, ചീരട്ടാമല, പാലൂർകോട്ട, കുറ്റിപ്പുറം, മങ്കട, വലമ്പൂർ ഇടവക വികാരിമാർക്ക്